സ്പോർട്സ് (1)/01/2011

വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി 1-01-2011.

## സർക്കുലർ

വിഷയം;- പൊതു വിദ്യാഭ്യാസം- സ്പോർട്സ് 2011 മാർച്ചിൽ നടക്കുന്ന എസ്.എസ്.എൽ.സി, ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി പരീക്ഷകളിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികൾക്കു (സ്പോർട്സ്) ഗ്രേസ് മാർക്ക് നൽകുന്നതു സംബന്ധിച്ച് -

2011 മാർച്ചിൽ നടക്കുന്ന എസ്.എസ്.എൽ.സി, ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി പരീക്ഷകളിൽ സ്പോർട്സ് രംഗത്ത് മികവിന് ഗ്രേസ് മാർക്കിനർഹതയുള്ള കുട്ടികളുടെ പ്രൊപ്പോസലുകൾ ഈ ഓഫീസിലേക്ക് അയക്കുമ്പോൾ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

(1) എസ്.എസ്.എൽ.സി, ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി പരീക്ഷയിൽ കായിക രംഗത്തെ നേട്ടങ്ങൾക്ക് ഗ്രേസ് മാർക്കിനർഹതയുള്ള കുട്ടികളുടെ പേരു വിവരം നിശ്ചിത ഫോറത്തിൽ തയ്യാറാക്കി ആവശ്യമായ സർട്ടിഫിക്കറ്റുകളോടു കൂടി ഹാൾ ടിക്കറ്റിന്റെ കോപ്പി സഹിതം കുട്ടികൾ പഠിക്കുന്ന സ്കൂളിലെ പ്രധാന അദ്ധ്യാപകൻ മുഖാന്തിരം ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ വാങ്ങി സൂക്ഷ്മ പരിശോധനയ്ക്കു ശേഷം മേലൊപ്പു വച്ച് ( സി ഡി ഉൾപ്പടെ)ചാക്കോ ജോസഫ്, സ്പോർട്സ് ഓർഗനൈസർ, ജഗതി, തിരുവനന്തപുരം -14 എന്ന വിലാസത്തിൽ 2011 മാർച്ച് 15 നു മുൻപായി അയച്ചു തരേണ്ടതാണ്.

(2) വൊക്കേഷണൽ ഹയർ സെക്കണ്ടറി പരീക്ഷയിൽ ഗ്രേസ് മാർക്കിനർഹതയുള്ള പ്രൊപ്പോസലുകൾ ആവശ്യമായ സർട്ടിഫിക്കറ്റുകളോടു കൂടി ഹാൾ ടിക്കറ്റിന്റെ കോപ്പി സഹിതം ബന്ധപ്പെട്ട പ്രിൻസിപ്പൽമാർ നേരിട്ടു ഈ ഓഫീസിലേക്കു അയച്ചാൽ മതിയാകും.

(3) ഹയർ സെക്കണ്ടറി പരീക്ഷയിൽ ഗ്രേസ് മാർക്കിനർഹതയുള്ള പ്രൊപ്പോസലുകൾ നിശ്ചിത ഫോറത്തിൽ തയ്യാറാക്കി ആവശ്യമായ സർട്ടിഫിക്കറ്റുക

ളോടു കൂടി ഹാൾ ടിക്കറ്റിന്റെ കോപ്പി സഹിതം സ്കൂൾ പ്രിൻസിപ്പൽമാർ ബന്ധപ്പെട്ട റീജിയണൽ ഡയറക്ടർക്ക് സമർപ്പിക്കേണ്ടതും റീജിയണൽ ഡയറക്ടർമാർ സൂക്ഷ്മ പരിശോധനക്കു ശേഷം നിർദ്ദിഷ്ട പ്രൊഫോർമ യിൽ (സി ഡി ഉൾപ്പടെ) തയ്യാറാക്കി പൊതു വിദ്യാഭ്യാസ ഡയറക്ടർക്കു അയക്കേണ്ടതാണ്.

(4) പൊതു വിദ്യാഭ്യാസ വകുപ്പു സംഘടിപ്പിക്കുന്ന സ്കൂൾ അത്‌ലറ്റിക് ചാമ്പ്യൻഷിപ്പിലും, അക്വാട്ടിക് ചാമ്പ്യൻഷിപ്പിലും 1 മുതൽ 8 വരെ സ്ഥാനങ്ങൾ കരസ്ഥമാക്കിയവർക്കും ഗെയിംസ് വിഭാഗങ്ങളിൽ 1 മുതൽ 6 വരെ സ്ഥാനങ്ങൾ കരസ്ഥമാക്കിയവർക്കും അംഗീകൃത കായിക അസോസിയേഷനുകൾ സംഘടിപ്പിക്കുന്ന സംസ്ഥാന മത്സരങ്ങളിൽ 1,2,3 സ്ഥാനങ്ങൾ ലഭിച്ചവർക്കും ദേശീയ അന്തർദേശീയ മത്സരങ്ങളിൽ പങ്കെടുക്കുന്നവർക്കും വിജയികൾക്കും ഗ്രേസ് മാർക്കിന് അർഹത ഉണ്ടായിരിക്കും. 8, 9 ക്ളാസ്സുകളിൽ പഠിച്ചിരുന്നപ്പോൾ കിട്ടിയ നേട്ടങ്ങൾക്കു ഗ്രേസ്മാർക്ക് ലഭിക്കണമെങ്കിൽ 10-ാം ക്ളാസ്സിൽ പഠിക്കുമ്പോൾ അതെ ഇനത്തിൽ കുറഞ്ഞത് റവന്യൂ ജില്ലാ മത്സരത്തിലെങ്കിലും പങ്കെടുത്തിരിക്കണം. ദേശീയ തലത്തിൽ കേരളത്തെ പ്രതിനിധീകരിച്ചു പങ്കെടുത്ത കുട്ടികൾക്കു മാത്രമെ ഗ്രേസ് മാർക്കിനർഹതയുണ്ടായിരിക്കുകയുള്ളു.

(5) ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗത്തിൽ ഒന്നാം വർഷത്തെയും, രണ്ടാം വർഷത്തെയും പ്രൊപ്പോസലുകൾ പ്രത്യേകം തയ്യാറാക്കി (സിഡി ഉൾപ്പടെ) റീജിയണൽ ഡയറക്ടർമാർ അയച്ചു തരേണ്ടതാണ്.

<u>സംസ്ഥാന മത്സരങ്ങൾ (എസ്.എസ്.എൽ.സി)</u>

| | | |
|---|---|---|
| എ | ഒന്നാം സ്ഥാനം നേടുന്നവർക്ക് | 5 ശതമാനം (10 ശതമാനം വരെ വിജയിക്കാൻ വേണ്ട മാർക്ക്) |
| ബി | രണ്ടാം സ്ഥാനം നേടുന്ന വർക്ക് | 5 ശതമാനം |
| സി | മൂന്നാം സ്ഥാനം നേടുന്നവർക്ക് | 3 ശതമാനം |
| ഡി | 4 മുതൽ 8 വരെ സ്ഥാനം നേടുന്ന വർക്ക് (സംസ്ഥാന സ്കൂൾ കായിക മേളയിൽ) | 2 ശതമാനം |

ഇ സംസ്ഥാന സ്കൂൾ ഗെയിംസിൽ 4 മുതൽ 6 വരെ നേടുന്നവർക്ക് 2 ശതമാനം

## ഹയർ സെക്കണ്ടറി/വൊക്കേഷണൽ ഹയർ സെക്കണ്ടറി

| | | |
|---|---|---|
| എ) | ഒന്നാം സ്ഥാനം നേടുന്നവർക്ക് | 5 ശതമാനം |
| ബി | രണ്ടാം സ്ഥാനം നേടുന്നവർക്ക് | 4 ശതമാനം |
| സി | മൂന്നാം സ്ഥാനം നേടുന്നവർക്ക് | 3 ശതമാനം |
| ഡി | 4 മുതൽ 8 വരെ സ്ഥാനം നേടുന്നവർക്ക് (സംസ്ഥാനസ്കൂൾ കായികമേളയിൽ) | 2 ശതമാനം |
| ഇ | സംസ്ഥാന സ്കൂൾ ഗെയിംസിൽ 4 മുതൽ 6 വരെ നേടുന്നവർക്ക് | 2 ശതമാനം |

## ദേശീയ /സോണൽ മത്സരങ്ങൾ

| | | |
|---|---|---|
| എ) | ഒന്നാം സ്ഥാനം നേടുന്നവർക്ക് | 15 ശതമാനം |
| ബി | രണ്ടാം സ്ഥാനം നേടുന്നവർക്ക് | 13 ശതമാനം |
| സി | മൂന്നാം സ്ഥാനം നേടുന്നവർക്ക് | 11 ശതമാനം |
| ഡി | പങ്കെടുക്കുന്നവർക്ക് | 10 ശതമാനം |

## അന്തർ ദേശീയ മത്സരങ്ങൾ

| | | |
|---|---|---|
| എ) | ഒന്നാം സ്ഥാനം നേടുന്നവർക്ക് | 25 ശതമാനം |
| ബി | രണ്ടാം സ്ഥാനം നേടുന്നവർക്ക് | 23 ശതമാനം |
| സി | മൂന്നാം സ്ഥാനം നേടുന്നവർക്ക് | 21 ശതമാനം |
| ഡി | പങ്കെടുക്കുന്നവർക്ക് | 20 ശതമാനം |

6 സ്പോർട്സ് രംഗത്തെ മികവിനുള്ള ഗ്രേസ് മാർക്ക് പ്രൊപ്പോസലുകൾ പ്രത്യേകം (സി ഡി ഉൾപ്പടെ) തയ്യാറാക്കി അയച്ചുതരുവാൻ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരും, ഹയർ സെക്കണ്ടറി റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാരും

പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. കേരള സ്പോർട്സ് കൗൺസിൽ അംഗീകരിട്ടുള്ള കായിക അസോസിയേഷനുകൾ സംഘടിപ്പിക്കുന്ന സംസ്ഥാനതല മത്സരങ്ങളിലെ മെറിറ്റ് സർട്ടിഫിക്കറ്റുകളുടെ കോപ്പി മാത്രമേ പെർഫോർമയോടൊപ്പം അയക്കുവാൻ പാടുള്ളൂ. (കേരള സ്പോട്സ് കൗൺസിൽ അംഗീകരിച്ച കായിക സംഘടനകളുടെ പേരു വിവരം ഉള്ളടക്കം ചെയ്തിരിക്കുന്നു.).

7. ഒരു കുട്ടിക്ക് ഒരിനത്തിനു മാത്രമെ ഗ്രേസ് മാർക്കിനർഹതയുണ്ടായിരിക്കുകയുള്ളൂ. ആയതിനാൽ ഏറ്റവും കൂടുതൽ ഗ്രേസ് മാർക്കിനു അർഹതയുള്ള സർട്ടിഫിക്കറ്റിൻെറ പകർപ്പ് മേലൊപ്പു വച്ച് പ്രൊപ്പോസലിനോടൊപ്പം അയച്ചാൽ മതിയാകും.

8. കായിക രംഗത്തെ ഗ്രേസ് മാർക്കിനുള്ള പെർഫോർമയുടെ മാതൃക ഇതോടൊപ്പം അയക്കുന്നു. ടി പെർഫോമയുടെയും, സർക്കുലറിൻെറയും കോപ്പി ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ അവരവരുടെ അധികാര പരിധിയിലുള്ള ഹൈസ്കൂൾ, ഹയർ സെക്കണ്ടറി സ്കൂൾ, വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ പ്രിൻസിപ്പൽമാർക്കു അയച്ചു കൊടുക്കേണ്ടതും അവരിൽ നിന്നും തിരികെ ലഭിക്കുന്ന ഗ്രേസ്മാർക്കിന് അർഹതയുള്ള അപേക്ഷകൾ മാത്രം മേൽ പറഞ്ഞിരിക്കുന്ന വിലാസത്തിൽ നിശ്ചിത തീയതിക്കു മുൻപായി അയച്ചു തരേണ്ടതാണ്.

**പൊതു വിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി**

പകർപ്പ് ; 1 ഡയറക്ടർ, ഹയർ സെക്കണ്ടറി ഡയറക്ടറേറ്റ് - അറിവിലേക്ക്
2 ഡയറക്ടർ, വൊക്കേഷണൽ ഹയർ സെക്കണ്ടറി ഡയറക്ടറേറ്റ് ----- അറിവിലേക്ക്
3. എല്ലാ റീജിയണൽ ഹയർ സെക്കണ്ടറി ഡെപ്യൂട്ടി ഡയറക്ടർമാർക്കും.
4. എല്ലാ വിദ്യാഭ്യാസ ഡപ്യൂട്ടി ഡയറക്ടർമാർക്കും
5 എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും.

No. A4/290/11 dt 17/1/2011

Copy to all the Govt/Aided/Unaided Schools Headmasters. Applications should submitted to deo office on or before ~~Feb 28~~. 28-02-2011

LIST OF PUPILS ELIGIBLE FOR GRACE MARK IN THE S.S.L.C./H.S.S/ V.H.S.S. EXAMINATION MARCH 2011

| SI No | NAME OF PUPIL | NAME OF THE SCHOOL WITH EXAMINATION CENTRE | REG. No. | NO.OF CHANCE I OR II | NAME OF EVENT/ GAME | PRIZE (PLACE) | % OF GRACE MARKS |
|---|---|---|---|---|---|---|---|
| | | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |

*Kerala State Sports Council*

Grant-In-Aid Regulations-2009

Schedule - I

(Vide Clause 07(i) of Chapter-V)

State Sports Associations which are assigned Grading Status of A, B, C, I

"A" GRADE ASSOCIATIONS:

01. Kerala State Athletic Association
02. Kerala Aquatic Association
03. Kerala Badminton (S) Association
04. Kerala Basketball Association
05. Kerala State Amateur Boxing Association
06. Kerala Cycling Association
07. The Canoeing & Kayaking Association of Kerala
08. Kerala Fencing Association
09. Kerala Handball Association
10. Kerala Race Boats and Amateur Rowing Association
11. Kerala State Volleyball Association

"B" GRADE ASSOCIATIONS

01. Kerala Cycle Polo Association
02. Kerala Softball Association
03. Kerala State Weightlifting Association
04. Kerala Kho-Kho Association
05. Taekwondo Association of Kerala
06. Kerala Judo Association
07. Kerala State Power lifting Association
08. Kerala State Gymnastic Association
09. Kerala Tennikoit Association
10. Kerala Football Association
11. Kerala State Body Building Association

"C" GRADE ASSOCIATIONS

01. Chess Association of Kerala
02. Kerala Table Tennis Association
03. Kerala Hockey Association
04. Kerala State Women's Hockey Association
05. Kerala Kabaddi Association
06. Kerala State Rifle Association

"D" GRADE ASSOCIATIONS

01. Kerala Cricket Association
02. Kerala State Archery Association
03. Kerala Kalaripayattu Association
04. Kerala Tennis Association

"E" GRADE ASSOCIATIONS

01. Kerala Bridge Association
02. Kerala State Indian Style Wrestling Association
03. Kerala State Wrestling Association